2007–08	91.29 കോടി രൂപ
2008–09	749.17 കോടി രൂപ
2009–10	1227.51 കോടി രൂപ

(സി) സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുമ്പാകെ ട്രൂയിംങ്ങ് അപ്പ്രൈറ്റീഷൻ സമർപ്പിച്ച് പ്രസ്തുത റവന്യൂ കമ്മി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മാട്ടുപ്പെട്ടി ജലവൈദ്യുത പദ്ധതിയിൽ നിന്നും ഉത്പാദിപ്പിച്ച വൈദ്യുതി

119(2372) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികജാതിവികസനവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാട്ടുപ്പെട്ടി ജലവൈദ്യുത പദ്ധതിയിൽ നിന്നും ഒരു വർഷം എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയും എന്നറിയിക്കുമോ ;

(ബി) ഇവിടെ 2009–10, 2010–11 സാമ്പത്തികവർഷ കാലയളവിൽ ഉത്പാദിപ്പിച്ച വൈദ്യുതിയുടെ അളവ് എത്രയെന്നറിയിക്കുമോ ;

(സി) ഈ കാലയളവിൽ എത്ര നാൾ വൈദ്യുതി ഉത്പാദനം നടന്നിട്ടുണ്ട് ;

(ഡി) പൂർണ്ണതോതിൽ ഇവിടെ വൈദ്യുതി ഉത്പാദനം നടത്താതിരുന്നതിന്റെ കാരണമെന്തെന്നറിയിക്കുമോ ;

(ഇ) ഇതുമൂലം കെ.എസ്.ഇ.ബി.-ക്ക് എന്തു തുകയ്ക്കുള്ള വൈദ്യുതി നഷ്ടമായെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മാട്ടുപ്പെട്ടി ജലവൈദ്യുത നിലയത്തിന്റെ ശേഷി 2MW ആകുന്നു.

(ബി) 2009–10–ൽ 19,09,600 യൂണിറ്റും 2010–11–ൽ 23,50,800 യൂണിറ്റും വൈദ്യുതി ഉത്പാദിപ്പിച്ചു.

(സി) 2009–10–ൽ 74 ദിവസവും 2010–11–ൽ 103 ദിവസവും വൈദ്യുതി ഉത്പാദനം നടന്നിട്ടുണ്ട്.

(ഡി&ഇ) മൂന്നാർ പുഴയിൽ നീരൊഴുക്ക് ആവശ്യത്തിനുള്ളപ്പോൾ മാട്ടുപ്പെട്ടി നിലയം പ്രവർത്തിപ്പിക്കാതെ തന്നെ അതിന് താഴെയുള്ള പള്ളിവാസൽ നിലയം പ്രവർത്തിപ്പിക്കുന്നതിനുള്ള ജലം ലഭിക്കുന്നതാണ്. ഈ സമയത്ത് ഉദ്ദേശം മൂന്നു മാസത്തോളം മാട്ടുപ്പെട്ടി ഡാമിൽ ജലം സംഭരിക്കുകയാണ് ചെയ്യുന്നത്. 2009–10–ൽ 6 മാസവും, 2010–11–ൽ 6 മാസവും യന്ത്രസാമഗ്രികളുടെ അറ്റകുറ്റപ്പണികൾ വേണ്ടിവന്നതുമൂലം ഉദ്ദേശം 6 Mu ഉത്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly